**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ.-ഐ.ഡി.കെ.-8/275/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 25.05.2020

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

സർ

| വിഷയം:- | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് |
|---|---|

*******************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വണ്ടിപ്പെരിയാർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം-1, ഭാഗം-3** ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

<u>**പകർപ്പ് :**</u> 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

3)കാര്യാലയ പകർപ്പ്.

| | |
|---|---|
| നം.കെ.എസ്.എ.-ഐ.ഡി.കെ.-8/275/2020 | തീയതി : 25.05.2020 |

**ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

******************************************

ഇടുക്കി ജില്ലയിലെ **വണ്ടിപ്പെരിയാർ** ഗ്രാമപഞ്ചായത്തിന്റെ **2018–19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **04.07.2018** മുതൽ **03.03.2020** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **12** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **3** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | **ശ്രീമതി ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 03.03.2020 മുതൽ 07.03.2020 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം.കെ. മധുസൂദനൻനായർ | ഓഡിറ്റ്ഓഫീസർ(ഹയർഗ്രേഡ്) |
| | ശ്രീമതി. മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. അഭിലാഷ് എം. കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ശാന്തി ഹരിദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. ജോർജ് ജോസഫ് | 01.04.2018 മുതൽ 08.08.2018വരെ |
| | ശ്രീ. സിബി തോമസ് | 09.08.2018 മുതൽ 15.08.2018 വരെ |
| | ശ്രീമതി ഷേർലി ജോൺ | 16.08.2018 മുതൽ 13.11.2018 വരെ<br>12.12.2018 മുതൽ 05.03.2019 വരെ |
| | ശ്രീ. ഷാഹുൽ അഹമ്മദ് എസ്. (അസി.സെക്രട്ടറി ഇൻ ചാർജ്) | 14.11.2018 മുതൽ 11.12.2018 വരെ |
| | ശ്രീ. അജിത് എസ്. എൻ. | 06.03.2019 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **അസി. സെക്രട്ടറി** | ശ്രീ. ഗോപകുമാർ ടി. ജി.<br>ശ്രീ. സിബി തോമസ്<br>ശ്രീ. ഷാഹുൽ അഹമ്മദ് എസ്. | 01.04.2018 മുതൽ 28.06.2018 വരെ<br>29.06.2018 മുതൽ 11.10.2018 വരെ<br>12.10.2018 മുതൽ 31.03.2019 വരെ |
| **അസി. എൻജിനീയർ.** | ശ്രീ. റ്റി.ആർ. രമേശൻ | 01.04.2018 മുതൽ 31.05.2018 വരെ |

| | | |
|---|---|---|
| | ശ്രീ, റഷീദ് പി. എം. | 01.06.2018 മുതൽ 31.07.2018 വരെ |
| | ശ്രീ, രോഹിത് മേനോൻ വി.പി. | 01.08.2018 മുതൽ 08.10.2018 വരെ |
| | ശ്രീ. ചന്തു സി. | 09.10.2018 മുതൽ 28.02.2019 വരെ |
| | ശ്രീ. വർഗീസ് ജോസഫ് | 01.03.2019 മുതൽ 31.03.2019 വരെ |
| **വി. ഇ. ഒ.**<br>**(വണ്ടിപ്പെരിയാർ & വാളാർ-ഡി സർക്കിൾ)** | ശ്രീ. മോഹൻ ആർ. | 01.04.2018 മുതൽ 31.03.19 വരെ |
| **കൃഷി ഓഫീസർ** | ശ്രീ. പ്രശാന്ത് ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആരോഗ്യം)** | ഡോ. ഡോൺബോസ്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഹെഡ് മാസ്റ്റർ(ഗവ. എൽ.പി.എസ്)** | ശ്രീ. ജിബി പോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. ജ്യോതിസ് കെ. എം. | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | ശ്രീമതി. സ്നേഹ സേവിയർ | 01.04.2018 മുതൽ 31.08.2018 വരെ |
| | ശ്രീമതി. ഉഷ രാജൻ | 01.09.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)** | ശ്രീമതി. അഞ്ജന സുരേന്ദ്രൻ | 01.04.2018 മുതൽ 31.08.2018 വരെ |
| | ശ്രീ.ഡോണൻ അബ്രാഹം മറ്റം | 01.09.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് |
|---|---|---|
| | | **ഭാഗം-I (പൊതു അവലോകനം)** |
| 1 | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി , ഗണ്യമായ തുക ഈടാക്കുവാൻ അവശേഷിക്കുന്നു |
| 13 | 1-13 | വസ്തുനികുതി നിർണ്ണയിച്ചതിലുള്ള അപാകതകൾ |
| 14 | 1-14 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാത്തത് |
| 15 | 1-15 | പാലിന് സബ്സിഡി-തുക ക്ഷീരസംഘത്തിൽ പാൽ അളന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല. |
| 16 | 1-16 | പെർമ്മിറ്റ് രജിസ്റ്റർ അപാകതകൾ & റഗുലറൈസേഷൻ രജിസ്റ്റർ |
| 17 | 1-17 | മൊബൈൽ ടവർ, വസ്തു നികുതി ഈടാക്കുന്നില്ല |
| 18 | 1-18 | അസി. സെക്രട്ടറി പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല |
| 19 | 1-19 | വാടക/ലേല കുടിശ്ശിക ഈടാക്കിയില്ല |
| 20 | 1-20 | പാലിയേറ്റീവ് കെയർ പദ്ധതി – മരുന്നുകൾ ലഭ്യമായിട്ടില്ല |

| | | |
|---|---|---|
| 21 | 1-21 | വിവിധ പദ്ധതികൾ- പ്രിന്റിംഗിന് ക്വട്ടേഷൻ ക്ഷണിച്ചില്ല-ചെലവ് തടസ്സം-₹60540/- |
| 22 | 1-22 | ലൈഫ് ഭവനപദ്ധതി-അവലോകനം |
| 23 | 1-23 | തുല്യതാ പഠനം സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 24 | 1-24 | വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 25 | 1-25 | മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 26 | 1-26 | അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു |
| 27 | 1-27 | വസ്തു നികുതിയ്ക്കുള്ള ഇപേയ്മെന്റ് അക്കൗണ്ട് വേറെ പദ്ധതിക്ക് ഉപയോഗിക്കുന്നു |
| 28 | 1-28 | നിർവഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു |
| 29 | 1-29 | ഉടമസ്ഥത ഉറപ്പാക്കയിടത്തിൽ ഗസ്റ്റ് ഹൌസ് |
| 30 | 1-30 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 31 | 1-31 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 32 | 1-32 | റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല |
| 33 | 1-33 | ആംബുലൻസ് ഉപയോഗത്തിലെ അപാകതകൾ |
| | | **ഭാഗം-II വരവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **- ഇല്ല -** |
| | | **ഭാഗം-III ചെലവ് (വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 34 | 3-1 | നിർവ്വഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു |
| | | **ഭാഗം-IV (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 35 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |

| | | |
|---|---|---|
| 36 | 4-2 | സംയുക്ത പ്രൊജക്ടുകൾ |
| 37 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 39 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 40 | 4-6 | സ്ഥിര നിക്ഷേപം |
| 41 | 4-7 | ഓഡിറ്റ് റിക്കവറി |
| 42 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 43 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 44 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 47 | അനുബന്ധം 2 | മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (ഖണ്ഡിക 1-26 കാണുക) |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.2019 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 03.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,80,35,435 |
| വരവ് | ₹21,27,63,746 |
| ആകെ | ₹23,07,99,181 |
| ചെലവ് | ₹16,88,19,872 |
| നീക്കിയിരിപ്പ് | ₹6,19,79,309 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതു വിഭാഗം | 0 | 40284862 | 40284862 | 39965248 | 319614 |
| | എസ്.സി.പി. | 0 | 25744017 | 25744017 | 25744017 | 0 |
| | ടി.എസ്.പി. | 0 | 411929 | 411929 | 411929 | 0 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 0 | 5326750 | 5326750 | 1924362 | 3402388 |
| | റോഡിതരം | 0 | 7297499 | 7297499 | 3524693 | 3772806 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 0 | 32201902 | 32201902 | 13429907 | 18771995 |
| തൊഴിലുറപ്പ് പദ്ധതി | ഭരണ ചെലവ് | 32840 | 592644 | 625484 | 617000 | 8484 |
| | തൊഴിലാളികളുടെ കൂലി | 0 | 55031000 | 55031000 | 55031000 | 0 |
| സംയുക്ത പദ്ധതി | ബ്ലോക്ക്പഞ്ചായത്ത് | 0 | 3907850 | 3907850 | 2244750 | 1663100 |
| | ജില്ലാപഞ്ചായത്ത് | 39734 | 14892815 | 14932549 | 14750000 | 182549 |
| സംസ്ഥാനാവിഷ്കൃതം | ഐ.സി.ഡി.എസ്. ബോണസ് | 0 | 144000 | 144000 | 144000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് | 0 | 400000 | 400000 | 400000 | 0 |
| | പട്ടികവർഗ്ഗ വികസനം | 69092 | 0 | 69092 | 0 | 69092 |
| | ശബരിമല സ്പെഷ്യൽ ഫണ്ട് | 276939 | 500000 | 776939 | 500000 | 276939 |
| | കുടിവെള്ളപദ്ധതി ഗ്രാന്റ് | 799719 | 0 | 799719 | 500000 | 299719 |
| കേന്ദ്രാവിഷ്കൃതം | ഐ.സി.ഡി.എസ്. | 1350674 | 1018650 | 2369324 | 1459242 | 910082 |
| | ശുചിത്വമിഷൻ | 6961273 | 2680128 | 9641401 | 0 | 9641401 |
| | പശ്ചിമ ഘട്ട വികസന പദ്ധതി | 500000 | 0 | 500000 | 0 | 500000 |
| പഞ്ചായത്ത് | ദുരിതാശ്വാസം | 0 | 62041 | 62041 | 7428 | 54613 |
| മറ്റ് വകുപ്പ് | വിമുക്തി | 4690 | 25000 | 29690 | 0 | 29690 |
| | സമ്പൂർണ്ണ ശുചിത്വം | 81050 | 230000 | 311050 | 230000 | 81050 |
| | അംഗനവാടി വൈദ്യുതി | 0 | 22000 | 22000 | 0 | 22000 |
| | ശുചിത്വ ഗ്രാന്റ് | 34015 | 0 | 34015 | 0 | 34015 |
| | നിർമൽ പുരസ്കാരം | 250000 | 0 | 250000 | 0 | 250000 |
| പ്ലാൻ ബാങ്ക് | എസ്.ബി.റ്റി പ്ലാൻ | 1636122 | 0 | 1636122 | 649 | 1635473 |
| | യു.ബി.ഐ | 84305 | 2460 | 86765 | 0 | 86765 |
| | ഐ.ഡി.സി.ബി | 4908512 | 202145 | 5110657 | 0 | 5110657 |
| | പോസ്റ്റ് ഓഫീസ് | 10901 | 0 | 10901 | 0 | 10901 |
| | വി.എപി.എഫ്.എ. ഓൾഡ് | 232453 | 0 | 232453 | 0 | 232453 |
| | ഗ്രാമീൺ ബാങ്ക് | 10500 | 251 | 10751 | 0 | 10751 |
| തനത് | ട്രഷറി ജനറൽ പർപ്പസ് ഗ്രാന്റ് | -9339736 | 18211733 | 32990095 | 31351512 | 1638583 |

| | | | | | | |
|---|---|---|---|---|---|---|
| | റിഡംഷൻ | | 14778362 | | | |
| | ബാങ്ക് | 9460597 | 31228510 | 40689107 | 1616686 | 39072421 |
| | ക്യാഷ് | 631755 | 158571 | 790326 | 631755 | 158571 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 180 | 666209142 | 104321784 | 64 | 42 | 62.72 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| 1. സെക്രട്ടറി | 40 | 13 | 16668144 | 7597418 |
| 2.അസിസ്റ്റന്റ് എൻജിനീയർ | 267 | 107 | 111226098 | 32824166 |
| 3. കൃഷി ഓഫീസർ | 7 | 5 | 4450215 | 2069552 |
| 4. വെറ്ററിനറി സർജൻ | 10 | 10 | 9104500 | 6995500 |
| 5.മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 11 | 7 | 1750000 | 1133397 |
| 6. മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | 2 | 1 | 650000 | 500000 |
| 7. വി. ഇ. ഒ | 17 | 12 | 501315000 | 39126169 |
| 8. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 11 | 11222400 | 10024972 |
| 9. ഹെഡ് മാസ്റ്റർ (ജി.എൽ.പി.എസ്) | 7 | 6 | 1274950 | 858900 |
| 10. ലേഡി വി.ഇ.ഒ. | 2 | 2 | 1840200 | 309600 |

| | | | | |
|---|---|---|---|---|
| 11. അസി. സെക്രട്ടറി | 10 | 6 | 6707630 | 288210 |
| **ആകെ** | **287** | **180** | **666209142** | **104321784** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 32840 | 736644 | 769484 | 761000 | 8484 |
| ഗുണഭോക്താക്കൾക്ക് കൂലി | 0 | 54412000 | 54412000 | 54412000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക ₹** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 162800 | 12 |
| വിധവാപെൻഷൻ | 20800300 | 175 |
| വാർദ്ധക്യകാലപെൻഷൻ | 43500300 | 757 |
| വികലാംഗപെൻഷൻ | 5534300 | 51 |
| കർഷക തൊഴിലാളി പെൻഷൻ | 1294800 | 96 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2020ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹65,375/-യുടെ ക്യാഷിന്റെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി

വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-02-2020 | ജനവരി 2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2016-17 | അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് 2016-17 വർഷംവരെയുള്ളത് നടത്തിയതായി പറയുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് (ജനറൽ), മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഭാഗങ്ങളിലെ വരവ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകയും എ.സി.ആർ. പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.സി.ആർ. പ്രകാരം വരവ് (₹) | വാർഷിക കണക്ക് പ്രകാരം(₹) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 40284862 | 39965248 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 3852645 | 3524693 |

2. ആർ.പി.-40(ബി) പ്രകാരം എൻ.ആർ.ഇ.ജി.എ. അക്കൗണ്ടിലെ ബാലൻസ് ₹8,484/-യാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക ₹5,484/-യാണ്.

3. ആർ.പി.-40(ബി)യിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ള പോസ്റ്റ് ഓഫീസ് അക്കൗണ്ട് (450420101)₹10,901/- വി.പി.എഫ്.എ. ഓൾഡ് അക്കൗണ്ട് (450450109) ₹2,32,453/- ഇവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

4. വസ്തുനികുതി ഇനത്തിലെ സഞ്ചയ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. പഞ്ചായത്തിന്റെ ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

## 1-12 വസ്തു നികുതി - ഗണ്യമായ തുക ഈടാക്കുവാൻ അവശേഷിക്കുന്നു

മുൻവർഷങ്ങളിലേത് ഉൾപ്പെടെ പാർപ്പിട/പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ വൻതുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാർപ്പിടം - തൻവർഷം | ₹25,57,174/- |
| പാർപ്പിടം - കുടിശ്ശിക | ₹9,41,826/-- |
| പാർപ്പിടേതരം - തൻവർഷം | ₹26,97,743/- |
| പാർപ്പിടേതരം -കുടിശ്ശിക | ₹9,41,318/- |

നികുതി കാലഹരണപ്പെടുന്നതിന് മുമ്പ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയിച്ചതിലുള്ള അപാകതകൾ

വാർഡ് VI-ൽ മാത്യു ആന്റണി ആലഞ്ചേരിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 329.80 ച.മീ (94.30 + 235.50) വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് (പെർമിറ്റ് നം. A2-8844/16,01.12.2016), 2018-19 രണ്ടാം

അർദ്ധവർഷം പ്രാബല്ല്യത്തിൽ ₹142/- വാർഷിക നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2016ൽ പെർമിറ്റ് എടുത്ത് പണിത കെട്ടിടത്തിന് 25 വർഷം കാലപ്പഴക്കം രേഖപ്പെടുത്തി നികുതിയിൽ ഇളവ് അനുവദിച്ചിരിക്കുകയാണ്. 178.6 ച.മീ. വിസ്തീർണ്ണത്തിൽ ഗ്രൗണ്ട് ഫ്ലോറിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് അനുബന്ധിച്ച് അധികമായി 943.ച.മീ. വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നു. പെർമിറ്റ് എടുത്തിട്ടുള്ളത് ഗ്രൗണ്ട് ഫ്ലോറിന് 84.30ച.മീ. & ഒന്നാം നിലയ്ക്ക് 244.20ച.മീ. ആണ്. പൂർത്തീകരണ പ്ലാനിൽ ഇവ യഥാക്രമം 94.3ച.മീ. & 235.5 ച.മീ. ഉൾപ്പെടെ ആകെ 329.8 ച.മീ. ആണ്. എന്നാൽ സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ചിരിക്കുന്ന 272.9 ച.മീ. ഗ്രൗണ്ട് ഫ്ലോറിന് (178.6+94.3) നികുതി നിരക്ക് 25 വർഷം കാലപ്പഴക്കം എന്ന് രേഖപ്പെടുത്തി അനുവദനീയമല്ലാത്ത നിരക്ക് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാം നില 235.5ച.മീ. ഹോംസ്റ്റേയുടെ ഗണത്തിൽ ഉൾപ്പെടുത്തി കൃത്യമായി നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. നികുതിയിലെ കുറവിന് കാരണം അന്വേഷിച്ച് കൊണ്ടുള്ള കുറിപ്പിന് (6) മറുപടി ലഭ്യമാക്കിയില്ല ₹6/- നിരക്കിൽ ആനുപാതികമായ വർദ്ധനവുകളും ഇളവുകളും നൽകി 272.9 ച.മീ. കെട്ടിടത്തിന് നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. പഞ്ചായത്തിലെ മറ്റ് കെട്ടിടങ്ങൾക്ക് ഇങ്ങനെ നികുതി നിരക്ക് നിശ്ചയിച്ചതിൽ കുറവുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

### 1-14 വസ്തു നികുതി നിർണ്ണയം - ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിൽ തികഞ്ഞ ഉദാസീനത

മുൻവർഷങ്ങളിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ഭാഗങ്ങൾ പൂർണമായി ഉൾപ്പെടുത്താതെ വസ്തു നികുതി നിർണയം നടത്തിയത് സംബന്ധിച്ച പരാമർശം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-6 ആയി ഉൾപ്പെടുത്തിയിരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടതായ നിലകൾ |
|---|---|---|---|
| 1 | പി.കെ. വിലാസിനി | 18/664,665,666 (താഴത്തെ നില- ഒന്നാംനില, രണ്ടാം നില) | മൂന്നാം നില |
| 2 | എൻ.എം. ആന്റണി നിക്കോളാസ്<br>എൻ.എം. ആരോഗ്യരാജ് | 18/481A-484 (താഴത്തെ നില- ഒന്നാം നില- രണ്ടാം നില) | മൂന്നാം നില |
| 3 | റസാക് മൊയ്തീൻ | 7/683,684 (താഴത്തെ നില | രണ്ടും മൂന്നും നിലകൾ |

| | | | |
|---|---|---|---|
| | | ഒന്നാം നില ) | |
| 4 | യു. സെയ്ദ് റാഫിയ | 7/889-898 (താഴത്തെ നില ) | ഒന്നും രണ്ടും മൂന്നും നിലകൾ |
| 5 | എം. റഹ്മത്തുള്ള | 7/953-960 (താഴത്തെ നില, ഒന്നാം നില, രണ്ടാം നില) | മൂന്നാം നില |

പരാമർശിത കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണക്കുറിപ്പിന് (7) മറുപടി ലഭ്യമാക്കിയില്ല. പണി പൂർത്തീകരിച്ച് ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ ന്യായമായും ലഭിക്കേണ്ടിയിരുന്ന നികുതിയാണ് അനാസ്ഥ കാരണം നഷ്ടമായത്. നികുതി നിർണ്ണയം അടിയന്തിരമായി നടത്തി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-15 പാലിന് സബ്സിഡി-തുക ക്ഷീരസംഘത്തിൽ പാൽ അളന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം | എസ്. 0007/2019 |
| പദ്ധതി | ക്ഷീര കർഷകർക്ക് പാലിന് ധനസഹായം |
| അടങ്കൽ | വികസന ഫണ്ട് ₹10,72,500/- |
| ബിൽ നം./തീയതി | 13/ 30.01.2019 ₹3,61,899/- |
| | 14/30.01.2019 ₹2,40,168/ |
| | 15/ 30.01.2019 ₹3,97,392/- |
| | 24/18.03.2019 ₹72,501/- |

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിന് ആനുപാതികമായി കർഷകന് ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ(കൈ)22/2018 ഖണ്ഡിക 6.2(8) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. മേൽ പിൻ വലിച്ച തുക 300 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ ക്ഷീര സംഘത്തിൽ അളന്ന പാലിന്റെ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും ക്ഷീരവകുപ്പിൽ നിന്ന് ആനുപാതിക തുക ലഭിക്കാത്ത സാഹചര്യത്തിലും ₹10,71,960/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-16 പെർമിറ്റ് രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ എന്നിവ അപൂർണ്ണം

കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. അതിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് വിവരങ്ങൾ, ഉപയോഗക്രമം, എഫ്.എ.ആർ, തുടങ്ങിയ വിവരങ്ങൾ അപൂർണ്ണമാണ്. പഞ്ചായത്തിൽ പെർമിറ്റ് റെഗുലറൈസേഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ല. പ്രസ്തുത രജിസ്റ്ററുകൾ സമഗ്രവും കാലികവുമായ രേഖപ്പെടുത്തലുകളോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പതിനാറാം വാർഡിലെ, 16/551 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ടവറിന്റെ നികുതി 2013-14 മുതൽ കുടിശ്ശികയാണ്. നാളിതു വരെയുള്ള കുടിശ്ശിക ₹144158/-. കൂടാതെ ഇരുപത്തിരണ്ടാം വാർഡിലെ 22/971 നം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വയർലെസ്സ് ടി.ടി ഇൻഫോസർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ടവറിന്റെ 2018-19ലെ വസ്തു നികുതിയും കുടിശ്ശികയാണ്. ₹11,038/- തുക ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 അസി. സെക്രട്ടറി പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പദ്ധതി നം. | എസ്. 366/2019 |
| പദ്ധതി | പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| അടങ്കൽ | വികസന ഫണ്ട് ₹68,940/-<br>തനത് ഫണ്ട് ₹17,500/- |
| ബിൽ നം./തീ. | 01/26.06.2018 ₹46,780/- |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ₹46,780/- പിൻവലിച്ച് മൈക്രോമീഡിയ, കട്ടപ്പന എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം നല്കിയ ബില്ല്, വാങ്ങിയ ലാപ് ടോപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9) മറുപടി നല്കിയില്ല. ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-19 വാടക/ലേല കുടിശ്ശികകൾ ഈടാക്കിയില്ല

എ) ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തകക്കാരായ ചുവടെ ചേർത്തിട്ടുള്ള വ്യക്തികൾ യഥാസമയം വാടക ഒടുക്കിയിട്ടില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | മുറി നം. | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഓഫീസ് വണ്ടിപ്പെരിയാർ | 18 -735 | 19302 | 3/2018 മുതൽ 2/2019 വരെ | 231624 |
| 2 | എബിൻ, വണ്ടിപ്പെരിയാർ | 16/737 | 7580 | 10/2018 മുതൽ 3/2019 വരെ | 45480 |
| 3 | കമ്യൂണിറ്റി പോളിടെക്നിക്, വണ്ടിപ്പെരിയാർ | 18/84 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

.

- ക്രമ നം. 3 പ്രകാരമുള്ള കമ്മ്യൂണിറ്റി പോളി ടെക്നിക്ക് പ്രതിമാസ വാടക വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഇല്ല.
- ക്രമ നം. 1 പ്രകാരമുള്ള വാടകക്കാരൻ 7/2017 മുതലുള്ള കുടിശ്ശിക ഒടുക്കിയിട്ടില്ല. ഈ വിഷയം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബി) ബസ് സ്റ്റാന്റ് ടോൾ പിരിവും പാർക്കിംഗ് ഫീസ് പിരിവും ശ്രീ. രാജേഷ് പി. എന്നയാളാണ് ₹31,100/-ക്ക് ലേലത്തിലെടുത്തിരുന്നത്. ₹20,000/- ലേല സമയത്ത് ഒടുക്കിയിരുന്നു. കുടിശ്ശികയായ ₹11,100/- ഇതുവരെ ഒടുക്കിയിട്ടില്ല.

സി) വാർഷിക കണക്കുകൾ പ്രകാരം ₹11,700/- കംഫർട്ട് സ്റ്റേഷൻ ലേലം ഇനത്തിൽ കുടിശ്ശികയുണ്ട്. ഈ കുടിശ്ശിക ഒടുക്കുവാനുള്ളവരുടെ വിശദാംശംങ്ങൾ ലേല രജിസ്റ്ററിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കേണ്ടതും രജിസ്റ്ററുകൾ പൂർണ്ണമാക്കേണ്ടതുമാണ്.

### 1-20 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| പദ്ധതി നം. | 362/2019 |
| പദ്ധതി | പാലിയേറ്റീവ് പരിചരണ പദ്ധതി |
| ബിൽ നം. | 8/2018-19 തീ:21.03.2019 ₹1,00,000/- |

പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിന് തിരുവനന്തപുരം കെ.എം.എസ്.സി.എൽ.ന് പ്രൊഫോർമ നം PF-5412 തീ: 19.03.2019 പ്രകാരം ₹1,00,000/- (അക്കൗണ്ട് നം:3624001800000019) നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിന് തുക ഒടുക്കി. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി മരുന്ന് ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 ക്വട്ടേഷൻ ക്ഷണിക്കാതെ അച്ചടി ജോലികൾ നടത്തി

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) |

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടത്തിയ വിവിധ പദ്ധതികൾക്ക് പ്രിന്റിംഗ് ചാർജ്ജിനത്തിൽ ₹60,540/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് ജോലികൾക്ക് ചട്ടപ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വിശദാംശം താഴെ പരാമർശിക്കുന്നു.

| ക്രമ നം | പദ്ധതി | ബിൽ നം, തീയതി & തുക ₹ | സ്ഥാപനം | സ്ഥാപന ബിൽ നം. & തീയതി | നൽകിയ തുക ₹ |
|---|---|---|---|---|---|
| 1 | എസ്.ഒ.-63/19 ക്യാൻസർ-തൈറോയിഡ് നിർണ്ണയ പദ്ധതി | 13/2018-19 തീ:20.03.2019 ₹149605/- | ഗ്ലോറി മൾട്ടി കളർ സീറോക്സ്& ഡി.റ്റി.പി | 279 തീ:04.02.2019 | 10000 |
| | | | | 277 തീ:11.02.2019 | 8250 |
| 2 | എസ്.ഒ.-69/19 മഴക്കാല പൂർവ്വ ശുചീകരണ പരിപാടി | 1/2018-19 തീ:14.06.2018 ₹1,75,000/- | ഫ്ലക്സ് ഓറിയന്റൽ, കുമളി | 2425 തീ:27.04.2018 | 9000 |
| | | | | 2421 തീ:27.04.2018 | 6850 |
| | | | | 2423 തീ:30.04.2018 | 14750 |
| 3 | എസ്.ഒ.-70/19 മഴക്കാല രോഗ | 9/2018-19 തീ:21.02.2019 | കുട്ടൂസ് വണ്ടിപെരിയാർ | 1025 തീ:11.12.2018 | 3950 |

| | | | | | |
|---|---|---|---|---|---|
| | നിയന്ത്രണ പരിപാടി | ₹49,800/- | | | |
| 4 | എസ്.ഒ.-62 /19 പാലിയേറ്റീവ് പരിചരണ പദ്ധതി | 6/2018-19 തീ:17.09.2018 ₹82,044/- | ഫ്ലക്സ് ഓറിയന്റൽ, കുമളി | 2426 തീ:31.07.2018 | 7740 |
| | | | | **ആകെ** | **60540** |

സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പ്രകാരമുള്ള ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് പ്രിന്റിംഗ് ജോലികൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ ₹60,540/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് ഭവനപദ്ധതി-അവലോകനം

**എ)ഫണ്ട് വിശകലനം**

തൻ വർഷം ലൈഫ് ഭവന പദ്ധതിക്കായി വിവധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| തനത് ഫണ്ട് | പൊതു വിഭാഗം | 23728217 | 23728217 |
| | എസ്. സി.പി | 22365045 | 20180286 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 5500000 | 0 |
| | എസ്. സി.പി | 6120000 | 0 |
| ജില്ലാപഞ്ചായത്ത് | പൊതു വിഭാഗം | 17200000 | 17200000 |
| ഹഡ്കോ വായ്പ | | 155357168 | 135000000 |
| സംസ്ഥാന വിഹിതം | | 6800000 | 4000000 |

**ബി. ഗുണഭോക്തൃ വിശകലനം**

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | ആകെ |
|---|---|---|---|
| കരാർ വച്ചത് | 604 | 430 | 1034 |

| | | | |
|---|---|---|---|
| പണി തുടങ്ങാത്തത് | 11 | 6 | 17 |
| തുടങ്ങിയത് | 14 | 13 | 27 |
| തറ തീർന്നത് | 75 | 60 | 135 |
| ലിന്റൽ തീർന്നത് | 92 | 102 | 194 |
| മേൽക്കൂര തീർന്നത് | 59 | 70 | 129 |
| പണി തീർന്നത് | 367 | 192 | 559 |

### 1-23 തുല്യതാ പഠനം സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മിസ്ട്രസ്, ഗവ. എൽ.പി. സ്കൂൾ ഗ്രാമ്പി |
| പദ്ധതി നം | 95/2019 |
| പദ്ധതി | തുല്യതാ പഠിതാക്കൾക്ക് ഫീസും പഠനോപകരണ വിതരണവും |

പഠനം മുടങ്ങി പോയ വ്യക്തികൾക്ക് പത്ത്, പ്ലസ് വൺ, പ്ലസ് ടു എന്നീ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നതിന് ജില്ലാ സാക്ഷരതാ മിഷൻ മുഖേന സഹായമെത്തിക്കുവാൻ വിഭാവനം ചെയ്ത പദ്ധതിയാണിത്. അതിനുവേണ്ടി ചുവടെ പരാമർശിക്കും പ്രകാരം തുക തിരുവനന്തപുരം സാക്ഷരതാ മിഷന് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | ക്ലാസ്സ് | പഠിതാക്കളുടെ എണ്ണം | നൽകിയ തുക ₹ | ബിൽ നം&തീയതി |
|---|---|---|---|---|
| 1 | 10 | 27 | 49950 (27X1850) | 2/2018-19 തീ: 30.01.2019 ₹166450 |
| 2 | +2 | 31 | 77500 (31X2500) | |

| | | | | |
|---|---|---|---|---|
| 3 | +2 | 20 | 39000 (20X1950) | |
| 4 | +1 | 7 | 17500 (7X2500) | 5/2018-19 തീ: 19.03.2019 ₹17500 |
| | | **ആകെ** | **183950** | |

പഠിതാക്കൾ പഠനം പൂർത്തീകരിച്ച് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ രേഖകൾ ഫയലിൽ ലഭ്യമല്ല. പഠിതാക്കളുടെ പഠന സാക്ഷ്യപത്രങ്ങൾ തയ്യാറായി കിട്ടുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ബോധിപ്പിച്ചിട്ടുണ്ട്. അവ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

### 1-24 വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി താഴെ പറയുന്ന ഇനങ്ങളിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു (വാർഷിക ധനകാര്യ പത്രികയിലെ ബി4, ഷെഡ്യൂൾ പ്രകാരം). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | വിശദാംശങ്ങൾ | തുക ₹ |
|---|---|---|---|
| 1 | 320200214 | പട്ടികവർഗ്ഗ വികസനം | 69092 |
| 2 | 3200200301 | ശബരിമല സ്പെഷ്യൽ ഫണ്ട് | 276939 |
| 3 | 320100119 | പശ്ചിമ ഘട്ട വികസന പദ്ധതി | 500000 |
| 4 | 320200305 | കുടിവെള്ള പദ്ധതി ഗ്രാന്റ് | 299719 |
| 5 | 320100121 | ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 910082 |
| 6 | 320200322 | സമ്പൂർണ ശുചിത്വം | 9641401 |
| 7 | 320800199 | എക്സൈസ് -വിമുക്തി | 29690 |

| | | | |
|---|---|---|---|
| 8 | 320300103 | ടോട്ടൽ സാനിറ്റേഷൻ | 81050 |
| 9 | 320200304 | അംഗനവാടി വൈദ്യുതീകരണം | 22000 |
| 10 | 320900101 | നിർമൽ പുരസ്കാരം | 250000 |
| | | **ആകെ** | **12079973** |

**96 ലക്ഷത്തിലധികം രൂപ** സമ്പൂർണ്ണ ശുചിത്വ ഫണ്ട് ഇനത്തിൽ അവശേഷിക്കുന്നുണ്ടെങ്കിലും മാലിന്യ സംസ്കരണത്തിന് സമഗ്രമായി പദ്ധതികൾ ആവിഷ്കരിക്കാത്തത് പദ്ധതി രൂപീകരണത്തിലെ വീഴ്ചയായി കാണുന്നു. അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

തൻവർഷം അസി. എഞ്ചിനീയർ നടപ്പാക്കിയ 62 പ്രവൃത്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. രേഖാമൂലം ഫയലുകൾ ആവശ്യപ്പെട്ടുവെങ്കിലും (റിക്വിസിഷൻ നം.10) ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിക്കൊള്ളാമെന്ന മറുപടി മാത്രമാണ് ലഭിച്ചത്. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. ആയതിനാൽ ഈയിനത്തിലുള്ള ₹1,45,78,749/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ വണ്ടിപ്പെരിയാർ ശാഖയിലുള്ള പ്ലാൻ അക്കൗണ്ടിൽ (67056216123), 29.05.2018 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ₹22,61,685/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ സൂചിത തുകയുടെ കൃത്യത പരിശോധിക്കാനായില്ല. ധനവകുപ്പിന്റെ 12-04-2006-ലെ ജി.ഒ.(പി)നം.177/2006-ലെ 10.3 നിബന്ധന പ്രകാരം, മുൻവർഷങ്ങളിൽ പിൻവലിച്ചതും വിനിയോഗിക്കാത്തതുമായ എ, ബി, സി ഫണ്ടുകൾ സഞ്ചിത നിധിയിലേയ്ക്ക് ചലാൻ വഴി 911-Deduct-Recoveries of Over payment എന്ന ശീർഷകത്തിൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണം.

പ്രസ്തുത തുക ഏതിനത്തിൽ അവശേഷിക്കുന്നതാണെന്ന് വ്യക്തതയില്ലാത്തതിനാൽ സഞ്ചിത നിധിയിലേയ്ക്ക് അടവ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-27 വസ്തു നികുതി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് അക്കൗണ്ട് മറ്റിടപാടുകൾക്ക് ഉപയോഗിക്കുന്നു

വസ്തു നികുതി തുക ഓൺലൈനിൽ അടവാക്കുവാൻ പഞ്ചായത്തിൽ നാഷണലൈസ്ഡ് ബാങ്കിൽ കറണ്ട് അക്കൗണ്ട് നിർബന്ധമാണ്. ഈ അക്കൗണ്ടിൽ വസ്തു നികുതിയല്ലാതെ യാതൊരു തുകയുടെയും പണമിടപാട് നടത്തുവാൻ പാടുള്ളതല്ല. പഞ്ചായത്തിലെ ലൈഫ് പദ്ധതിയുടെ തുകകൾ നിലവിൽ ഇപെയ്മെന്റ് നടത്തുവാൻ ആരംഭിച്ചിട്ടുള്ള എസ്.ബി.ഐ.യുടെ 9934 അക്കൗണ്ട് വഴിയാണ്. ഇതിൽ ലൈഫ് പദ്ധതിക്ക് വേണ്ടിയുള്ള പണമിടപാട് ഒഴിവാക്കേണ്ടതാണ്.

### 1-28 നിർവഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ നാല് കുടിവെള്ള പദ്ധതികൾക്ക് ജി.ഐ. പൈപ്പ് ശൃംഖല സ്ഥാപിച്ചതിന് ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചത്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശങ്ങൾ നേരിൽ പരിശോധിച്ചതിൽ, ട്രെഞ്ചിംഗ് നടത്താതെ വിവിധ അളവുകളിലുള്ള പൈപ്പുകൾ മണ്ണിന് മുകളിലൂടെയാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ട്രെഞ്ചിംഗ് പ്രവൃത്തി നടത്താത്തതിനാൽ അതിനുള്ള നിരക്ക് കുറവുചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി അധികച്ചെലവുണ്ടായിട്ടുണ്ട്.

വാർഡ് 11 പഞ്ചായത്ത് കോളനി കുടിവെള്ള പദ്ധതി,വാർഡ് 13 കടശ്ശിക്കാട് കരിശുമൊട്ട കുടിവെള്ള പദ്ധതി,വാർഡ് 1 മൂങ്കലാർ 2 ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ അറ്റകുറ്റപ്പണി,വാർഡ് 17ആനക്കയം ഐ എച്ച ഡി പി കോളനി കുടിവെള്ള പദ്ധതി എന്നിവയാണ് പദ്ധതികൾ നിർവഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ നിർവഹിച്ചതായി/സ്ഥാപിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചതിനാൽ ₹625775/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1-ൽ ലഭ്യമാണ്.

### 1-29 ഉടമസ്ഥത ഉറപ്പാക്കാത്തയിടത്തിൽ ഗസ്റ്റ് ഹൌസ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്ട് | മൗണ്ടിൽ ഡോർമിറ്ററി, ഗസ്റ്റ് ഹൗസ് നിർമ്മാണം(475/19) |
| അടങ്കൽ തുക | ₹14,48,581/- |
| ബിൽ നമ്പർ, തീയതി,തുക, | 108/26.3.2019 ₹9,73,087/- |
| കരാറുകാരൻ | ശ്രീ. ശിവകുമാർ ആർ, |
| അളവുപുസ്തകം | 469/2018-19 |

മേൽ പ്രവൃത്തിയ്ക്ക് സൂചിത ബിൽ പ്രകാരം ₹97,3,087/-പിൻവലിച്ചിട്ടുണ്ട്. നിലവിൽ ഒരു എം. ബുക്ക് മാത്രമാണ് ഫയലിലുള്ളത്. memorandum of payment രേഖപ്പെടുത്തിയ എം. ബുക്ക് ലഭ്യമല്ലാത്തതിനാൽ ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

ഗസ്റ്റ് ഹൗസ് നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥതയിൽ അവകാശമുന്നയിച്ച് പൊന്നമ്മ എന്ന വ്യക്തിയും മറ്റ് മൂന്ന് പേരും ഗ്രാമപഞ്ചായത്തിനെ അഞ്ചാം എതിർ കക്ഷിയാക്കി ബഹു. കേരള ഹൈക്കോടതിയിൽ FAO 222/18 എന്ന നമ്പരിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് സ്ഥലമെന്ന് ഉറപ്പാക്കാതെയാണ് അവിടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ പരാമർശിച്ച കാരണങ്ങളാൽ ₹9,73,087/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (സി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-31 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള

